ജന്മഭൂമി

13 July 2019

# അയല പെരുകി, മത്തി കുറഞ്ഞു

കൊച്ചി: സംസ്ഥാനത്ത് അയലയുടെ ലഭ്യത ഗണ്യമായി കൂടിയെന്നും മത്തിയുടെ ലഭ്യതയിൽ വൻ ഇടിവ് ഉണ്ടായതായും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ 2018 ലെ കണക്ക്. കഴിഞ്ഞ വർഷം ഇന്ത്യയിൽ മുൻവർഷത്തേക്കാൾ 54 ശതമാനം മത്തി കുറഞ്ഞു. സംസ്ഥാനത്ത് 39 ശതമാനമാണ് മത്തിയുടെ കുറവ്. എന്നാൽ മറ്റ് മീനുകൾ കൂടിയതിനാൽ സംസ്ഥാനത്തെ ആകെ മത്സ്യലഭ്യത 10 ശതമാനം വർധിച്ചു. പോയ വർഷം 6.42 ലക്ഷം ടൺ മത്സ്യമാണ് സംസ്ഥാനത്ത് പിടിച്ചത്. മുൻവർഷം ഇത് 5.85 ലക്ഷം ടൺ.

കഴിഞ്ഞ വർഷം രാജ്യത്ത് 34.9 ലക്ഷം ടൺ മത്സ്യമാണ് ലഭിച്ചത്. മുൻവർഷത്തേക്കാൾ ഒമ്പത് ശതമാനം കുറവ്. സംസ്ഥാനത്ത് 2017 ൽ ലഭിച്ചതിനേക്കാൾ ഏകദേശം അമ്പതിനായിരം ടൺ മത്തിയാണ് കുറഞ്ഞത്. 77,093 ടൺ മത്തിയാണ് കേരളത്തിൽ ലഭിച്ചത്. മത്തി കുറഞ്ഞപ്പോൾ അയല കൂടി. 80568ടൺ അയല ലഭിച്ചു. മുൻ വർഷത്തേക്കാൾ 142 ശതമാനം വർദ്ധന. കേരളത്തിൽ മാത്രമല്ല, ദേശീയതലത്തിലും അയലയാണ് ഒന്നാം സ്ഥാനത്ത്. അയലക്ക് പുറമെ, കൊഴുവ(58,766ടൺ), കിളിമീൻ(53,549 ടൺ), ചെമ്മീൻ(50,472 ടൺ), , കൂന്തൽ-കണവ (950,180ടൺ) എന്നിവയും കേരളത്തിൽ ലഭിച്ചു.

ദേശീയതലത്തിൽ ഒന്നാം സ്ഥാനത്തായിരുന്ന മത്തി ഒമ്പതാം സ്ഥാനത്തേക്ക് കൂപ്പുകുത്തിയതും പശ്ചിമ ബംഗാൾ, കർണാടക, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ മത്സ്യലഭ്യത കുറഞ്ഞതുമാണ് രാജ്യത്തെ മൊത്തം മത്സ്യലഭ്യത കുറയാൻ കാരണം. അസാധാരണമാംവിധം ക്ലാത്തി മത്സ്യം കൂടിയതായും റിപ്പോർട്ടിൽ പറയുന്നു. സമുദ്രമത്സ്യോൽപാദനത്തിൽ കേരളം ഇക്കുറിയും മൂന്നാമതാണ്. ഗുജറാത്ത് ആണ് ഒന്നാം സ്ഥാനത്ത്. തമിഴ്നാടിനാണ് രണ്ടാം സ്ഥാനം. ഏറ്റവും കൂടുതൽ മത്സ്യം ലഭിച്ചത് മുനമ്പം തുറമുഖത്ത് നിന്നാണ്.

കഴിഞ്ഞ വർഷം രാജ്യത്തെ ലാൻഡിംഗ് സെന്ററുകളിൽ വിറ്റഴിക്കപ്പെട്ടത് 52,632 കോടി രൂപയുടെ മത്സ്യമാണ്. മുൻവർഷത്തേക്കാൾ 0.4 ശതമാനം വർധന. ചില്ലറ വ്യാപാര കേന്ദ്രങ്ങളിൽ 80,320 കോടി രൂപയുടെ മീനാണ് വിൽപന നടത്തിയത്.

ഡയറക്ടർ ഡോ എ.ഗോപാലകൃഷ്ണൻ, ഭാരതീയ കാർഷിക ഗവേഷണ കേന്ദ്രം (ഐസിഎആർ) അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ.പി.പ്രവീൺ, സിഎംഎഫ്ആർഐയിലെ വിവിധ വകുപ്പ് മേധാവികളാ ഡോ ടി വി സത്യാനന്ദൻ, ഡോ സുനിൽ മുഹമ്മദ്, ഡോ ജി മഹേശ്വരുഡു, ഡോ പി യു സക്കറിയ, ഡോ പ്രതിഭ രോഹിത്, ഡോ സി രാമചന്ദ്രൻ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.